"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ.അനിൽകുമാർ വി.-യുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.357/2026/H&FWD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ).നം.1318/2023/ആ.കു.വ തീയതി 01/06/2023.
2. സ.ഉ.(സാധാ).നം.2861/2023/ആ.കു.വ തീയതി 02/11/2023.
3. സ.ഉ.(സാധാ).നം.1287/2024/ആ.കു.വ തീയതി 29/05/2024.
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 28.09.2024-ലെ മെ.വി.വ/5794/2023/എഫ്4 നമ്പർ കത്ത്
5. സ.ഉ.(സാധാ).നം.878/2025/ആ.കു.വ തീയതി 25/03/2025.

**<u>ഉത്തരവ്</u>**

വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ മുൻ പ്രിൻസിപ്പാളായിരുന്ന ഡോ.അനിൽകുമാർ.വി പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ ടിയാന്റെ ചുമതലകളും കർത്തവ്യങ്ങളും കൃത്യമായി നിർവഹിക്കാത്തതിനാൽ കോളേജിന്റെ ദൈനംദിന പ്രവർത്തനത്തിൽ താളപ്പിഴകളുണ്ടാകുന്നുവെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മെഡിക്കൽ കോളേജിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് പരിശോധന നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി . മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (2) പ്രകാരം ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും, അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന് കുറ്റാരോപണ മെമ്മോയും ആരോപണ പത്രികയും നൽകുകയുമുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം അച്ചടക്ക നടപടിക്ക് വിധേയമായി ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയുമുണ്ടായി. കൂടാതെ കുറ്റാരോപണ മെമ്മോയ്ക്ക് ഡോ.വി.അനിൽകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയും ആയതിന്മേലുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ ടിയാൻ മനപ്പൂർവ്വമായി വീഴ്ചകൾ വരുത്തിയിട്ടില്ല എന്ന് ബോധ്യമാകുകയും, കൂടാതെ അഴിമതിയോ, സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതോ, പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുവാൻ കാലതാമസം വരുത്തുന്നതോ ആയ എന്തെങ്കിലും പ്രവർത്തികൾ ടി ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഉണ്ടായതായി കാണാത്തതുമായ സാഹചര്യത്തിൽ, ടിയാന്റെ ദീർഘ കാലത്തെ സേവന കാലയളവിൽ മറ്റ് നടപടികളൊന്നും നേരിട്ടില്ലെന്നതും, ടിയാൻ 31.05.2024- സേവനത്തിൽ നിന്ന് വിരമിച്ചിട്ടുള്ളതും പരിഗണിച്ച് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ അവസാനിപ്പിച്ച് പരാമർശം (5) പ്രകാരവും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2)ഈ സാഹചര്യത്തിൽ വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ തസ്തികയിൽ നിന്നും 31.05.2024- വിരമിച്ച ഡോ.അനിൽ കുമാർ വി- യുടെ 02/11/2023 മുതൽ 28/05/2024 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും 29/05/2024 മുതൽ ടിയാൻ 30/05/2024 അപരാഹ്നം സേവനത്തിൽ തിരികെ പ്രവേശിച്ചുവരെയുള്ള കാലയളവ് KSRs Part I Rule-56B(9)Note-2 പ്രകാരം പ്രവേശന കാലമായും ക്രമീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
തരുൺ ലാൽ.എസ്
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, വയനാട്
ഡോ.വി.അനിൽകുമാർ, മങ്കൊമ്പിൽ ഹൗസ്,യൂണിയൻ ക്ലബ്ബിന് സമീപം, കോട്ടയം -686001 (ഡി.എം.ഇ മുഖാന്തരം)
ധന വകുപ്പ് (E 3319066/HLT-B3/851/2025-FIN Dated: 16.01.2026)
വെബ് &ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/176/2023/ആ.ക.വ)

ഉത്തരവിൻ പ്രകാരം
Signed by
Manish V V
സെക്ഷൻ ഓഫീസർ
Date: 30-01-2026 14:12:56